# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6162** — **10.07.2012-ൽ മറുപടിക്ക്**

## ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ എന്നാണ് നിയോഗിച്ചത് ; | എ) 10/02/2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 43/2011/കൃഷി അനുസരിച്ച് ഒരു എട്ടംഗ ശമ്പള പരിഷ്കരണ സമിതി രൂപീകരിച്ചിട്ടുള്ളതാണ്. |
| ബി) ഈ സമിതി, റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; | ബി) ശമ്പള പരിഷ്കരണ സമിതി 29/06/2011-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. |
| സി) റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | സി) ഫാം തൊഴിലാളികളുടെ 5 സ്കെയിലുകളും പരിഷ്കരിക്കുന്നതിനും സംസ്ഥാന ജീവിത നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത (വേര്യബിൾ ഡി.എ.) നൽകുന്നതിനു പകരം സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ക്ഷാമബത്ത അതേ നിരക്കിലും വ്യവസ്ഥകളിലും ഫാം തൊഴിലാളികൾക്കും അനുവദിക്കുന്നതിനും, സർക്കാർ ജീവനക്കാർക്ക് അനുവദിച്ച രീതിയിൽ ഫാം തൊഴിലാളികൾക്കും സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനും, കാഷ്വൽ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനും, 01/07/2009 മുതൽ മുൻകാല പ്രാബല്യം അനുവദിക്കുന്നതിനും, അലവൻസുകൾ വർദ്ധിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും, വായ്പകളുടേയും അഡ്വാൻസുകളുടേയും തുക വർദ്ധിപ്പിക്കുന്നതിനുമുള്ള വിശദമായ ശുപാർശകളാണ് സർക്കാരിനു സമർപ്പിച്ചത്. |
| ഡി) | ഇവയിൽ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ; | ഡി) | സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 27/06/2012-നാണ് പുറപ്പെടുവിച്ചത്. ഇത് എത്രയും വേഗം നടപ്പിലാക്കുന്നതാണ്. |
| ഇ) | ഇതിനായി എന്ത് സാമ്പത്തിക ബാധ്യതയുണ്ടായെന്ന് വിശദമാക്കുമോ? | ഇ) | പ്രതിമാസം ഉദ്ദേശം 40 ലക്ഷം രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**